കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ആംബുലൻസ് വാങ്ങുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്

സ.ഉ.(സാധാ) നം.1350/2025/LSGD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- 27.03.2025-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1 ഖണ്ഡിക 3.2-നമ്പർ തീരുമാനം

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ആംബുലൻസ് വാങ്ങുന്ന വിഷയം വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും ദേശീയ മാനദണ്ഡമനുസരിച്ച് ഓരോ ലക്ഷം ജനസംഖ്യയ്ക്കും ഒരു B.L.S. (Basic Life Support) ആംബുലൻസും ഓരോ 5 ലക്ഷം ജനസംഖ്യയ്ക്കും ഒരു A.L.S. (Advanced Life Support) ആംബുലൻസും വേണമെന്ന് വീക്ഷിക്കുകയുണ്ടായി. ദേശീയ മാനദണ്ഡമനുസരിച്ച് സംസ്ഥാനത്ത് 347 B.L.S. ആംബുലൻസുകൾ വേണ്ട സ്ഥാനത്ത് നിലവിൽ D.H.S., D.M.E., 108,ത സ്വ ഭ സ്ഥാപനങ്ങൾ എന്നീ വിഭാഗത്തിലുള്ള ഏജൻസികളുടെ കൈവശം ആകെ 1091 ആംബുലൻസുകളുണ്ട്. D.H.S., D.M.E., 108 എന്നീ ഏജൻസികളുടെ ഉടമസ്ഥതയിൽ മാത്രമായി (LSGIs ഒഴികെ) 490 B.L.S.- ആംബുലൻസുകളുമുണ്ട്.

2) ദേശീയ മാനദണ്ഡമനുസരിച്ച് സംസ്ഥാനത്ത് 69 A.L.S. ആംബുലൻസ് വേണ്ട സ്ഥാനത്ത് നിലവിൽ ലഭ്യമായ കണക്കനുസരിച്ച് D.H.S. ന്റെ കൈവശമായി 30 ആംബുലൻസുകൾ മാത്രമാണ് ഉള്ളത്. കൂടാതെ മുകളിൽ പറഞ്ഞ കണക്ക് രജിസ്റ്റർ ചെയ്ത ആംബുലൻസിന്റെ എണ്ണം മാത്രമാകയാൽ B.L.S. ആംബുലൻസിന്റെ കുറവില്ല എന്ന് യോഗം വിലയിരുത്തുകയും ചെയ്തു.

3) മേൽ വസ്തുതകൾ വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ന് ചേർന്ന യോഗം പരിശോധിക്കുകയും 2.1 ഖണ്ഡിക 3.2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച വ്യക്തത വരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച ഉത്തരവാകുന്നു.

1. M.P.LAD, M.L.A.SDF, C.S.R .-എന്നീ മാർഗ്ഗത്തിലൂടെ ആംബുലൻസ് ലഭിക്കാൻ സാധ്യതയുള്ളതിനാൽ ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ **B.L.S.** ആംബുലൻസുകൾ വാങ്ങേണ്ടതില്ല.
2. അടിയന്തര ജീവൻ രക്ഷയ്ക്ക് A.L.S.-അംബുലൻസ് വളരെ സഹായകരം ആയതിനാൽ A.L.S.-ആംബുലൻസ് വാങ്ങുന്നതിന് ജില്ലാ തലത്തിൽ സംയുക്ത പ്രോജക്ട് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതും ജില്ലാ ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തി മാത്രം ആംബുലൻസ് വാങ്ങാവുന്നതുമാണ്.

3. പാലിയേറ്റിവ് ആവശ്യത്തിന് വാഹനം വാങ്ങാവുന്നതാണ്.
4. ഏതെങ്കിലും ഗ്രാമപഞ്ചായത്തിലോ നഗരസഭയിലോ അടിയന്തരമായി ആംബുലൻസ് സേവനം ആവശ്യമായി വന്നാൽ അർഹതയുള്ള നിർദ്ധന വിഭാഗക്കാർക്ക് (അതിദരിദ്രർ, മുൻഗണനാ റേഷൻ കാർഡുള്ള S.C./S.T. വിഭാഗക്കാർക്ക്) ആംബുലൻസിന്റെ വാടക തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
കൺവീനർ, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ.(DB2/455/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 02-06-2025 10:40:55